LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രബോസിന്റെ ആശ്രിതർക്ക് നിയമനം

28 (32) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചന്ദ്രബോസ് എന്ന സെക്യൂരിറ്റി ജീവനക്കാരൻ കൊലചെയ്യപ്പെട്ടതിനുശേഷം ഈ കുടുംബത്തിന് എന്തെല്ലാം സഹായങ്ങൾ നല്കിയിട്ടുണ്ടെന്നു വെളിപ്പെടുത്താമോ ;

(ബി) ഈയാളുടെ ആശ്രിതന് സർക്കാർ ജോലി നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) 10-2-2015-ൽ ചന്ദ്രബോസിന്റെ ചികിത്സാ ചെലവിലേക്ക് 25,000 രൂപ അനുവദിച്ചിരുന്നു. കൂടാതെ ചന്ദ്രബോസിന്റെ മരണാനന്തര ചടങ്ങുകൾക്കായി 25,000 രൂപയും ചികിത്സാ ചെലവിലേക്ക് അമലാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ബാക്കി അടക്കേണ്ടതായ 80,257 രൂപയും ചേർത്ത് 1,05,257 രൂപ 18-2-2015-ൽ അനുവദിച്ചു നൽകി. 25-2-2015-ൽ നേരത്തെ അനുവദിച്ച ധനസഹായത്തിനു പുറമേ 10,00,000 രൂപ കൂടി ചന്ദ്രബോസിന്റെ കുടുംബത്തിന് അനുവദിച്ചിട്ടുണ്ട്.

(ബി) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ ജോലി നല്കുന്നതിനു തീരുമാനം എടുത്തിട്ടുണ്ട്.

നയപ്രഖ്യാപനങ്ങൾ

29(33) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര നയപ്രഖ്യാപനങ്ങൾ നടത്തി ;

(ബി) ഓരോ നയപ്രഖ്യാപനത്തിലൂടെയും പ്രഖ്യാപിക്കപ്പെട്ട പരിപാടികൾ ഏതെല്ലാം , അവയിൽ എത്ര പരിപാടികൾ നടപ്പാക്കി , നടപ്പാക്കാത്തത് എത്ര , അതിന് കാരണമെന്ത് എന്നിവ സംബന്ധിച്ച് വിശദീകരിക്കാമോ ;

(സി) നടപ്പാക്കിയ ഓരോ പരിപാടിക്കായി നീക്കിവച്ച തുക , ചെലവാക്കിയ തുക എന്നിവ വ്യക്തമാക്കാമോ ?

ഉത്തരം

(എ) നാല് നയപ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.